

വായനാമുറി

ഡോ. എ.എം വാസുദേവൻ പിള്ള

# മൗദൂദി സ്മൃതിരേഖകൾ നൽകുന്ന ഉത്തരങ്ങൾ



"മൗദൂദിയുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി മൂല്യമുള്ള മാനവികതയുടെ പ്രതീകമായി വികസിക്കുന്നതെന്തുകൊണ്ട്? ഈ ചോദ്യത്തിന്റെ പലതലങ്ങളിലുള്ള ഉത്തരമാണ് *മൗദൂദി സ്മൃതിരേഖകൾ.* ഹൃദയത്തിൽ തട്ടുന്ന കുറിപ്പുകൾ. രാഷ്ട്രീയത്തിലും ഔദ്യോഗികജീവിതത്തിലും മൗദൂദിയുമായി അടുപ്പമുള്ളവരുടെ ഓർമകളുടെ പരാവർത്തനങ്ങളാണ് വേറൊരു തലം. അർഥപൂർണമായ സമുദായ സേവനം ജീവിതസപര്യയാക്കിയ ഒരാളുടെ കാൽപാടുകളുടെ അന്വേഷണങ്ങൾ.

**ഇസ്‌ലാമിക** തത്ത്വങ്ങൾ യുഗധർമത്തിന്റെ സിദ്ധാന്തങ്ങളാണെന്നു തിരിച്ചറിഞ്ഞതാണ് മൗലാനാ മൗദൂദിയുടെ മഹത്വം. പ്രവാചകനായ മുഹമ്മദ് നബി കൊണ്ടുവന്ന ശാശ്വത സത്യങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് നവലോകത്തിനു ചേർന്നൊരു ഇസ്‌ലാമിക സ്മൃതിക്കു രൂപംകൊടുക്കുകയായിരുന്നു ലക്ഷ്യം. വിഭജനത്തിനു ശേഷം പാകിസ്താനിലെ സാമൂഹിക രാഷ്ട്രീയ മേഖലകളിൽ പിറവിയുടെ ആകുലതകളും ആശങ്കകളും മുറ്റിനിന്നിരുന്നു. അവയെല്ലാം അകറ്റി ജനങ്ങളിൽ ആത്മവിശ്വാസം പുനഃസ്ഥാപിക്കാൻ മൗദൂദി നേതൃത്വം നൽകിയ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചു. വിവേകശൂന്യമായ ആശയസമരങ്ങളിൽ പെടാത്ത ഒരു പ്രത്യയ സംഹിത ഇസ്‌ലാമിന്റെ പുരോഗമന മുദ്രയായി ഉയർത്താൻ മൗദൂദി യത്നിച്ചു. ആ വഴികളിൽ സഞ്ചരിച്ചപ്പോൾ ഒരു സംഘാടകനായും ചിന്തകനായും മൗദൂദി അനുഭവിച്ച ദുരിതങ്ങൾ മലയാളികളെ മനസ്സിലാക്കാൻ സമർഥമായ പ്രാമാണിക ഗ്രന്ഥമാണ് വി.എ കബീർ വിവർത്തനവും എഡിറ്റിംഗും നിർവഹിച്ച *മൗദൂദി സ്മൃതിരേഖകൾ.*

ആമുഖ സ്മൃതിയിലെ ഒരു ഭാഗം വായിച്ച് തുടക്കത്തിൽ തന്നെ കുറേ നിൽക്കേണ്ടിവന്നു. ചെറുപ്പത്തിൽതന്നെ ജന്മദൗത്യം ഉള്ളിലുണർന്നൊരു ദാർശനികന്റെ യാത്ര! ഉസ്മാനിയ സർവകലാശാലയിൽ 400 രൂപ ശമ്പളത്തിലുള്ളൊരു ജോലി ഉപേക്ഷിച്ച് ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങൾക്കായി പുറപ്പാട്! അത് സ്വീകരിച്ചിരുന്നെങ്കിൽ മൗദൂദിയുടെ ജീവിതത്തിന്റെ ദിശ മാറുമായിരുന്നു (പേജ് 13). മൗദൂദിയുടെ മകൾ ഹുമൈറ മൗദൂദിയുടെ ലേഖനത്തിൽ മറ്റൊരു സന്ദർഭുണ്ട്- അവരുടെ മാതാവ് പരീക്ഷണഘട്ടത്തിൽ പുലർത്തിയ അത്ഭുതകരമായ മനഃസ്ഥൈര്യം. അവർ ഫിറോസ് പൂർ സ്കൂളിൽ പഠിക്കുന്ന കാലം. "പിതാവിന് വധശിക്ഷ വിധിച്ചിട്ടും ഞങ്ങൾ സ്കൂളിൽ വന്നതുകണ്ടപ്പോൾ എല്ലാവർക്കും അത്ഭുതമായി..... പിതാവിന് വധശിക്ഷ വിധിക്കപ്പെട്ടതറിഞ്ഞിട്ടും മക്കളിതാ വൃത്തിയോടെ യൂനിഫോം ധരിച്ച് തീർത്തും മനഃസാന്നിധ്യത്തോടെ അസംബ്ലിയിൽ നിൽക്കുന്നു... മാതാവിനാണ് ഇതിന്റെ ക്രഡിറ്റ്" (പേജ് 98).

സ്വന്തം ദൗത്യനിർവഹണത്തിനു മുന്നിലുള്ള അപകടത്തെപ്പറ്റി മുഹമ്മദ് നബി ശ്രദ്ധിച്ചിട്ടേയില്ലായിരുന്നു. പുതിയൊരു ദർശനം പ്രബോധനം ചെയ്യാൻ പ്രേരിതനായപ്പോൾ അടക്കാനാവാത്ത ആവേശമായിരുന്നു പ്രവാ

ചകന്. തലമുറകൾക്കു ശേഷവും ശിഷ്യന്മാരിൽ ഈ നൈസർഗികാവേശം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനു മാതൃകയാണ് മൗദൂദി. വ്യക്തിപരമായ താൽപര്യങ്ങൾ വിട്ട് ജമാഅത്തിന്റെ പ്രചാരണത്തിൽ വ്യാപൃതനാകുമ്പോൾ നബിയെ പ്രചോദിപ്പിച്ച അതേ വികാരമായിരിക്കാം മൗദൂദിയുടെ മനസ്സിൽ. പൊതുജനങ്ങളെ മുന്നിൽകണ്ട് അവരുടെ വിശ്വാസം ആർജിക്കലായിരിക്കും ജമാഅത്തെ ഇസ്‌ലാമിയുടെ മുഖ്യ കർമമെന്ന് വിശ്വസിച്ചവരുണ്ട്. മൗദൂദി അവരെ തള്ളിപ്പറഞ്ഞിട്ടില്ല. അവരുടെ ആശയത്തിന്റെ ന്യൂനത അസ്സലായി ബോധ്യപ്പെടുത്താൻ മൗദൂദിക്കു കഴിഞ്ഞിരുന്നു. ബുദ്ധിജീവികളാണ് നേതൃത്വം കൊടുക്കേണ്ടത്; കർഷകനും തൊഴിലാളിയുമല്ല. അതിനാൽ ബുദ്ധിജീവികളെ സ്വാധീനിക്കുകയാണ് സർവ പ്രധാനം എന്നു മൗദൂദി സംശയംവരാത്തവിധം പറഞ്ഞു സ്ഥാപിച്ചു (പേജ് 68). ഇത് അസാധാരണമായ വ്യക്തിവിശേഷമാണ്. കാരണം മുഹമ്മദ് നബി പഠിപ്പിച്ചത് വിശ്വസിക്കുക, സേവിക്കുക എന്നാണ്. ദൈവത്തിൽ വിശ്വസിക്കണം, നന്മ ചെയ്യണം. ജീവിതനീതിയാണ് ദൈവത്തിന്റെ ഇഛ (സർ അഹ്മദ് ഹുസൈന്റെയും എസ്. വാഡിയയുടെയും ആശയത്തോട് കടപ്പാട്). ഈ തത്ത്വം ജനങ്ങളിൽ -സാധാരണക്കാരിൽ- ചലനമുണ്ടാക്കി അവരുടെ ഉള്ളിൽ പതിപ്പിക്കണമെങ്കിൽ അതിനു ബുദ്ധിജീവികളും വിദ്യാസമ്പന്നരും വേണം. ഇത് മൗദൂദിക്കറിയാമായിരുന്നു. ജമാഅത്ത് ഇന്നും വളർന്നുകൊണ്ടിരിക്കാൻ അതാണ് കാരണം. തൊഴിലാളികളിൽ അധികാരവും രാഷ്ട്രത്തിന്റെ ഭാവിയും ഏൽപിക്കണമെന്നു ശഠിക്കുന്ന പ്രത്യയശാസ്ത്ര സംഹിതകൾക്കു പതനം സംഭവിച്ചുകൊണ്ടിരിക്കുന്നത് ഈ ദീർഘവീക്ഷണം ഇല്ലായ്മ മൂലമാണ്. ഇവിടെയെല്ലാം മൗദൂദിയുടെ പ്രബോധന നിപുണതയും വീക്ഷണവും അന്വേഷണോത്സുകമാംവിധം ധ്വന്യാത്മകമായി ചെറിയ ചെറിയ ശീർഷകങ്ങൾ കൊടുത്ത് (പേജ് 67,68,69) എഡിറ്റർ എന്നനിലയിൽ വി.എ കബീർ തന്റെ പ്രാഗത്ഭ്യം തെളിയിച്ചിരിക്കുന്നു.

ലോകത്ത് നിരവധി പ്രസ്ഥാനങ്ങൾ രൂപംകൊള്ളുന്നു. കേവല രാഷ്ട്രീയം, രാഷ്ട്രീയവും മതവും കലർന്നത്, മതാധിഷ്ഠിതം- അങ്ങനെ. ചിലതൊക്കെ വളരുന്നു. മറ്റു ചിലത് വളരാതെ അതുണ്ടായതുപോലെ നില

**വിനോദം പറഞ്ഞാലും വാക്കുകൾക്ക് ധ്വനിയുടെ മുഴക്കമാണ്. ധ്വനിയും ആക്ഷേപഹാസ്യവും കലർന്ന ഒരു പ്രതികരണബലമാണ് മൗദൂദിയുടെ രാഷ്ട്രീയ പ്രതിയോഗികളോടുള്ള സമീപനത്തിന്. ആത്മാർഥതയില്ലാത്ത പ്രത്യയശാസ്ത്ര ഗീർവാണങ്ങൾ ജനദ്രോഹകരമാണെന്ന് മൗദൂദി വിശ്വസിച്ചു. ശത്രുവിനെ നേരിടുന്ന വീര്യമാണപ്പോൾ ആ സേനാനായകന്. മൗദൂദിയുടെ സാമ്പത്തിക അച്ചടക്കത്തോടുള്ള സമീപനം ശാസ്ത്രീയമായിരുന്നു.**

നിൽക്കുന്നു. വേറെ ചിലത് നശിക്കുന്നു. ഇവിടെ മൗദൂദിയുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി മൂല്യമുള്ള മാനവികതയുടെ പ്രതീകമായി വികസിക്കുന്നതെന്തുകൊണ്ട്? ഈ ചോദ്യത്തിന്റെ പലതലങ്ങളിലുള്ള ഉത്തരമാണ് *മൗദൂദി സ്മൃതിരേഖകൾ*. സഹധർമിണി, മകൻ, മകൾ എന്നീ ബന്ധങ്ങളുടെ സ്നേഹാധരങ്ങളാണ് രണ്ടാം ഖണ്ഡത്തിൽ. ഹൃദയത്തിൽ തട്ടുന്ന കുറിപ്പുകൾ. രാഷ്ട്രീയത്തിലും ഔദ്യോഗികജീവിതത്തിലും മൗദൂദിയുമായി അടുപ്പമുള്ളവരുടെ ഓർമകളുടെ പരാവർത്തനങ്ങളാണ് വേറൊരു തലം. അർഥപൂർണമായ സമുദായസേവനം ജീവിതസപര്യയാക്കിയ ഒരാളുടെ കാൽപാടുകളുടെ അന്വേഷണങ്ങൾ. അമ്പരപ്പിക്കുന്ന അവസ്ഥകളിലായിരുന്നു ആ വ്യക്തിത്വ സംസ്കരണം നടന്നത്. ശാന്തമായ അന്ത്യം.

എന്തായിരുന്നു മൗദൂദിയുടെ രംഗപ്രവേശനത്തിനുള്ള സാഹചര്യം? ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് ഭാരതത്തിലെ മുസ്‌ലിം ഭരണം ചരിത്രത്തിലെ സുവർണ കാലമാണ്. ഭാരതസംസ്കാരത്തിലും ബൗദ്ധികതയിലും അക്കാലത്തെ മുസ്‌ലിംചക്രവർത്തിമാർ ചെയ്ത സംഭാവനകൾ ചരിത്രത്തിൽ മറ്റൊരു കാലത്തെയും ഭരണകർത്താക്കളിൽനിന്നുണ്ടായിട്ടില്ല. ഒരു മുസ്‌ലിം ഭരണാധികാരിയും ഭാരതത്തെ സ്നേഹിക്കാതിരുന്നിട്ടില്ല. ഭാരതം അവരുടേതും ആയിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ സ്ഥിതി മാറി. ബ്രിട്ടീഷ് കോളനിവാഴ്ചയാണ് ഇവിടെ മതവികാരങ്ങൾ മൂർഛിപ്പിച്ചത്. തമ്മിൽ ഭിന്നിപ്പിച്ചു ഭരിച്ച് ലാഭമുണ്ടാക്കുക. നാടു നശിച്ചാലെന്ത്, ഇല്ലെങ്കിലെന്ത്? സ്വാതന്ത്ര്യത്തിനു ശേഷം വിഭജനത്തിൽ വരെ എത്തി. വിഭജനം നടന്നാൽ കോടിക്കണക്കിനു മുസ്‌ലിംകളുടെ ഗതി എന്തായിരിക്കും? ഇത് മൗദൂദിയെ അസ്വസ്ഥനാക്കി. അർപ്പണ മനസ്സുള്ളൊരു സമുദായാചാര്യന് ഇതിൽ കൂടുതലൊന്നും വേണ്ട, ആത്മസംഘർഷത്തിന്. ജമാഅത്തിന് രൂപംകൊടുക്കാൻ മൗദൂദിയെ പ്രേരിപ്പിച്ചത് ഈ സാഹചര്യമാണ്. ഇങ്ങനെ ആത്മസംഘർഷം അനുഭവിച്ച മറ്റൊരു സമുദായാചാര്യൻ പിൽക്കാല ചരിത്രത്തിലുണ്ട്- റവ. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ. കറുത്ത വർഗക്കാരായ സ്വജനങ്ങളെ അമേരിക്കയുടെ വർണവിവേചനത്തിൽനിന്ന് മോചിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. 1963-ൽ വാഷിംഗ്ടൺ ഡിസിയിലെ ലിങ്കൺ മെമ്മോറിയലിനടുത്ത് മാർട്ടിൻ ലൂഥർ കിംഗ് ചെയ്ത ചരിത്ര പ്രസിദ്ധമായ പ്രസംഗം ആ സ്വപ്നമായിരുന്നു- ഐ ഹാവ് എ ഡ്രീം. ഇസ്‌ലാം നവോത്ഥാനത്തിന് മൗദൂദിയുടെ ഡ്രീം ആയിരുന്നു ജമാഅത്തെ ഇസ്‌ലാമി.

സ്വാതന്ത്ര്യത്തിനു ശേഷം പാകിസ്താൻ രൂപംകൊണ്ടു. മുസ്‌ലിംകൾക്കു തങ്ങളുടേതായ നാടു കിട്ടി. അവിടെ സ്വന്തം ആദർശസിദ്ധാന്തങ്ങൾക്കനുസരിച്ചു ജീവിക്കാം. എന്നാൽ മൗദൂദിയുടെ ആഗ്രഹങ്ങൾക്കെതിരായി പലതും നടന്നുകൊണ്ടിരുന്നു. ലോകശക്തികൾ ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിനു വിരുദ്ധമായി പ്രവർത്തിച്ചു പോന്നു. എങ്കിലും പാകിസ്താനിലെ രാഷ്ട്രീയ മണ്ഡലങ്ങളിൽ ജമാഅത്ത് ഉയർന്നുകൊണ്ടിരുന്നതാണ് ശ്രദ്ധേയം. സാമ്പത്തിക, സാംസ്കാരിക, സാമൂഹിക രംഗങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പരിഷ്കരണ നടപടികൾ നാട് സ്വീകരിച്ചുവോ? ഈ അന്വേഷണങ്ങൾക്ക് ഉത്തരം കിട്ടുന്ന ലേഖനങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. അവയിൽ ഗഹനമെന്നതുപോലെ ആഹ്ലാദകരവുമായ ലേഖനമാണ് അൽതാഫ് ഗൗഹറിന്റെ 'മൗദൂദിയും പാകിസ്താൻ രാഷ്ട്രീയവും.' മുസ്‌ലിംകൾ മിഷനറി സമുദായത്തിന്റെ നിലപാട് സ്വീകരിക്കാനായിരുന്നു ആഹ്വാനം. മിഷനറി സേവനം തുടങ്ങിവെച്ചത് ക്രിസ്തുമതമാണ്. അവരുടെ മിഷനറി സേവനത്തിലെ മുഖ്യ പങ്ക്

സാമൂഹിക സേവനങ്ങൾ ആയിരിക്കും. സാമൂഹിക സേവനങ്ങളിലൂടെ സാധാരണക്കാരെ ആകർഷിക്കുക. അവിടെ ബൈബിൾ പഠിപ്പിക്കുന്നില്ല. ധർമ തത്ത്വങ്ങളുടെ വിശദീകരണങ്ങളില്ല. ഈ ശൈലി മുസ്‌ലിംകൾക്കു പ്രയോജനപ്പെട്ടുവോ? ഖുർആന്റെ മൂല്യനിഷ്ഠങ്ങളായ ആശയങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കാൻ വിദ്യാഭ്യാസമുള്ള ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ പോലും ശുഷ്കാന്തി കാണിച്ചിട്ടില്ല. ഉപരിവർഗം പോലും ഖുർആനിൽനിന്ന് അകന്നു നിന്നു എന്നാണ് അൽതാഫ് ഗൗഹറുടെ നിഗമനം "ഉപരിവർഗത്തിന് ഖുർആൻ തത്ത്വങ്ങളെയോ ഇസ്‌ലാമിക നിയമങ്ങളെയോ കുറിച്ച് യാതൊരു അറിവും ഇല്ലായിരുന്നു" (പേജ് 195).

മൗദൂദിയുടെ തമാശകളെക്കുറിച്ചൊരു ലേഖനം ഈ ഗ്രന്ഥത്തിലുണ്ട് (മൗദൂദിയുടെ ചിരി). അതിലെ ഓരോ സന്ദർഭവും വെറുമൊരു പുഞ്ചിരിയിലൊതുക്കാവുന്നതല്ല. മൗദൂദി അവസാന നാളുകളിൽ മകൻ ഡോ. അഹ്മദ് ഫാറൂഖിന്റെ വീട്ടിൽ ചികിത്സയിൽ കഴിയുമ്പോൾ ജസ്റ്റിസ് അഫ്സൽ ചീമ കാണാനെത്തി. ബഫലോയിലെ വീട്ടിലേക്കുള്ള പാരഡൈസ് റോഡ് തകർന്നു കിടന്നതു കൊണ്ട് വിപരീതാർഥം സൂചിപ്പിക്കുന്നെന്ന് ജസ്റ്റിസ് ചീമ ഡോ. ഫാറൂഖിനോട് പറഞ്ഞു. മറുപടി മൗദൂദിയുടേതായിരുന്നു- 'സ്വർഗത്തിലേക്കുള്ള പാത വിഷമം പിടിച്ചതാണ്.' വിനോദം പറഞ്ഞാലും വാക്കുകൾക്ക് ധ്വനിയുടെ മുഴക്കമാണ്. ധ്വനിയും ആക്ഷേപഹാസ്യവും കലർന്ന ഒരു പ്രതികരണബലമാണ് മൗദൂദിയുടെ രാഷ്ട്രീയ പ്രതിയോഗികളോടുള്ള സമീപനത്തിന്. ആത്മാർഥതയില്ലാത്ത പ്രത്യയശാസ്ത്ര ഗീർവാണങ്ങൾ ജനദ്രോഹകരമാണെന്ന് മൗദൂദി വിശ്വസിച്ചു. ശത്രുവിനെ നേരിടുന്ന വീര്യമാണപ്പോൾ ആ സേനാനായകന്. മൗദൂദിയുടെ സാമ്പത്തിക അച്ചടക്കത്തോടുള്ള സമീപനം ശാസ്ത്രീയമായിരുന്നു. അന്യരുടെ പോക്കറ്റടിച്ച് ദാരിദ്ര്യമുള്ളവർക്ക് കൊടുക്കുക; അധികാരമോ കൈയൂക്കോ കൊണ്ട് അവകാശമില്ലാത്തിടത്തു കയറിപിടിച്ചുതരാമെന്ന് സാധാരണക്കാരന് വാഗ്ദാനം ചെയ്യുക; സാമ്പത്തിക ദുഃസ്ഥിതി പരിഹരിക്കാൻ നീതിപൂർവക നിർദേശങ്ങൾ നിരാകരിക്കുക തുടങ്ങിയവയെല്ലാം രാഷ്ട്രീയക്കാരുടെ രോഗലക്ഷണമാണെന്ന് മൗദൂദി ആക്ഷേപിച്ചു. ഇന്നത്തെ ചില രാഷ്ട്രീയ പാർട്ടികൾ ഇത് കേട്ട് ആത്മപരിശോധന നടത്തേണ്ടിവരും.

*മൗദൂദി സ്മൃതിരേഖകൾ* കൂടുതൽ പഠനവിഷയമാക്കേണ്ട ഗ്രന്ഥമാണ്. ഇതിലെ ലേഖനങ്ങളിൽ ഭൂരിഭാഗവും തർജമയാണെന്നു കരുതുന്നു. എഡിറ്ററുടെ ചുമതല ഏറ്റെടുത്ത് മലയാള തർജമ തയാറാക്കി ഈ ഗ്രന്ഥം മലയാളിക്കു തന്ന വി.എ കബീർ ചെയ്ത സത്കൃത്യം എത്ര ശ്ലാഘിച്ചാലും അധികമല്ല. പലതും മൗലികമായി മലയാളമാണെന്നു തോന്നും. അത്ര ഹൃദ്യവും അനാർഭാടവും ആയ ശൈലി. ഈ ഗ്രന്ഥത്തിന്റെ സംഭാവനയിലൂടെ ഇസ്‌ലാമിക നവജാഗരണത്തിൽ (കബീറിന്റെ തന്നെ പ്രയോഗം-ആമുഖസ്മൃതി) കബീർ വഹിക്കുന്ന പങ്കും ചെറുതല്ല. 'മുഹമ്മദ് നബിയുടെ സന്ദേശം' (ശ്രീരാമകൃഷ്ണ മഠം തൃശൂർ-2001) എന്ന ഗ്രന്ഥത്തിൽ സ്വാമി രംഗനാഥാനന്ദ ഒരു പ്രാർഥന ചെയ്യുന്നു: ആദ്യഘട്ടത്തിൽ ശാസ്ത്രത്തിന്റെയും മാനവ സംസ്കാരത്തിന്റെയും ദീപയഷ്ടിക ഉയർത്തിപ്പിടിച്ച് ഭാരതസംസ്കാരം വളർത്തിയ മതമാണ് ഇസ്‌ലാം മതം. ഇന്നും സുഹൃത്തായി സമാധാന ഹസ്തം നീട്ടി ഇവിടെ വന്നിരുന്നെങ്കിൽ! വിശ്വസിക്കുക, സ്നേഹിക്കുക എന്ന ഖുർആൻ ദർശനം പ്രചരിപ്പിച്ച മൗദൂദിയുടെ പ്രവർത്തനത്തിന്റെ തുടർച്ച ഭാരതത്തിനാണ് ഇന്നു കൂടുതൽ ആവശ്യം. ■